എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് കൂടുതൽ കുട്ടികൾ തോൽക്കുന്ന വിഷയങ്ങൾക്ക് പ്രത്യേക പരിഗണന

115 [733] ശ്രീ. വർക്കല കഹാർ:

,, എ. സുജനപാൽ:

,, എം. മുരളി:

,, എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഏറ്റവും കൂടുതൽ കുട്ടികൾ തോറ്റത് ഏത് വിഷയത്തിനാണ്;

(ബി) ഓരോ ഭാഷാവിഷയത്തിനും എത്ര കുട്ടികൾ വീതം തോറ്റു;

(സി) കണക്ക്, സയൻസ് വിഷയങ്ങൾ, ശാസ്ത്രേതര വിഷയങ്ങൾ എന്നിവയിൽ ഓരോന്നിനും എത്ര കുട്ടികൾ വീതം തോറ്റു;

(ഡി) കൂടുതൽ കുട്ടികൾ തോൽക്കുന്ന വിഷയങ്ങളിൽ പ്രത്യേക നിഷ്ക്കർഷ കൊടുത്ത് പഠിപ്പിക്കുന്നതിന് എന്തെങ്കിലും പരിപാടിയുണ്ടോ;

(ഇ) എങ്കിൽ എന്തെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഇംഗ്ലീഷിന്.

(ബി) ഒന്നാം ഭാഷ (മലയാളം/തമിഴ്/കന്നട/അറബിക്) .. 32269

രണ്ടാം ഭാഷ (ഇംഗ്ലീഷ്) .. 167810

മൂന്നാം ഭാഷ (ഹിന്ദി) .. 69264

(സി) കണക്ക് .. 139079

സയൻസ് .. 115149

സോഷ്യൽ സയൻസ് .. 71033

(ഡി, ഇ) ഇക്കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly